**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3493** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഫലവൃക്ഷങ്ങൾ വാർഡ് തലത്തിൽ വിതരണം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി ഓഫീസുകൾ മുഖേന വിതരണം ചെയ്യേണ്ട വിവിധയിനം ഫലവൃക്ഷങ്ങൾ കൃഷി ഭവനിൽ തന്നെ ഇരുന്ന് നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഒരു കോടി ഫലവൃക്ഷതൈകളുടെ വിതരണ പദ്ധതി പ്രകാരം നടീൽ വസ്തുക്കളായ, ഗ്രാഫ്റ്റ്/ലെയർ/ ടിഷ്യുകൾച്ചർ വാഴ, വാഴക്കന്ന്, തൈകൾ എന്നിവ സംസ്ഥാന കൃഷി വകുപ്പ്ഫാമുകൾ, വി.എഫ്.പി.സി.കെ., കാർഷിക സർവ്വകലാശാല, കാർഷികകർമ്മ സേന/അഗ്രോസർവ്വീസ് സെന്റർ, കുടുംബശ്രീ എന്നീ വകുപ്പ്/ഏജൻസികൾ മുഖേന ഉല്പാദിപ്പിച്ച് വിതരണം നടത്തി വരുന്നു. പദ്ധതിയിലൂടെ ഗ്രാഫ്റ്റ്, ലെയർ, ടിഷ്യുകൾച്ചർ തൈകൾ 75% സബ്സിഡിയോട് കൂടിയും, ഫലവൃക്ഷ തൈകളും, വാഴകന്നും പൂർണ്ണമായും സൗജന്യമായുമാണ് വിതരണം ചെയ്യുന്നത്.<br><br>ഒരു കോടി ഫലവൃക്ഷതൈ വിതരണം പദ്ധതി പ്രകാരം കർഷകർക്ക് വിതരണം ചെയ്യേണ്ട ഫലവൃക്ഷതൈകൾ പ്രതികൂലമായ കാലാവസ്ഥയും, തൊഴിലാളികളുടെ അഭാവം മൂലവും യഥാസമയം ഉല്പാദനം നടക്കാത്ത സാഹചര്യം ഉണ്ടാകാറുണ്ട്. ഇക്കാരണത്താൽ കൃഷി ഭവനുകളിൽ ചില അവസരങ്ങളിൽ യഥാസമയം ഫലവൃക്ഷതൈകൾ എത്തിക്കുവാൻ കാലതാമസം നേരിടാറുണ്ട്. ഇത്തരത്തിൽ ക്രമം തെറ്റി വിതരണം നടത്തേണ്ടിവരുന്ന ഫലവൃക്ഷതൈകൾ കൈപ്പറ്റി പരിപാലിക്കുന്നതിന് ചില കർഷകർ വിമുഖത കാണിക്കാറുണ്ട്. മേൽ സാഹചര്യങ്ങളാലാണ് ചില കൃഷി ഭവനുകളിൽ ഏതാനുംഫലവൃക്ഷതൈകൾ ഇരുന്ന് നശിച്ചുപോകുന്നത്. കൂടാതെ ഗ്രാഫ്റ്റ്, ലെയറുകൾ എന്നിവയാണ് കർഷകർ കൂടുതലായി താല്പര്യപ്പെടുന്നത്. ആയതിനാൽ 2023-24 സാമ്പത്തിക വർഷത്തിൽ കൂടുതലായി ഇവ ഉൾപ്പെടുത്തുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ആയത് പരിഹരിക്കുന്നതിനായി വാർഡ് തലത്തിൽ പ്രസ്തുത ഫലവൃക്ഷങ്ങൾ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | വാർഡ് തലത്തിൽ പ്രസ്തുത ഫലവൃക്ഷങ്ങൾ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് വരുന്നുണ്ട്. ഇതിനായി പഞ്ചായത്ത് തലത്തിലും, വാർഡ്തലത്തിലും കമ്മറ്റികൾ രൂപീകരിച്ച് കുടുംബശ്രീ, എം.ജി.എൻ.ആർ.ജി.എസ്. എന്നിവരുടെ സഹായത്തോടു കൂടി കൃഷി ഭവനുകളിൽ എത്തുന്ന ഫലവൃക്ഷത്തൈകളുടെ പരിപാലനവും, നിരീക്ഷണവും നടത്തുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷി ഭവനുകളിൽ ഫലവൃക്ഷതൈകൾ എത്തുന്ന വിവരം യഥാസമയം കാർഷിക വികസന സമിതി യോഗങ്ങളിൽ അറിയിക്കുകയും ആയതിലൂടെ തൈകൾ ഉണഭോക്താക്കളിലേയ്ക്ക് വേഗത്തിൽ എത്തിക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. കൃഷി ഭവനുകളിൽ വാർഡ് അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള സമൂഹമാധ്യമങ്ങളായ വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ, ഫേയ്സ് ബുക്ക് ഗ്രൂപ്പുകൾ മുഖേനയും ഫലവൃക്ഷതൈകൾ എത്തിയ വിവരം യഥാസമയം തന്നെ കർഷകരെ അറിയിക്കാറുണ്ട്.<br><br>കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി പുതിയതായി രൂപീകരിച്ചിട്ടുള്ള കൃഷിക്കൂട്ടങ്ങൾ വഴി ഫലപ്രദമായി ഫലവൃക്ഷതൈകൾ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ